# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3036 | 18.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

## വാണിജ്യ നികുതി വകുപ്പിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>,, അനിൽ അക്കര<br>,, അൻവർ സാദത്ത്<br>,, എൽദോസ് കുന്നപ്പിള്ളി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | വാണിജ്യ നികുതി വകുപ്പിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ കഴിഞ്ഞ നാല് മാസത്തിനുള്ളിൽ പരിഷ്കരിച്ചിട്ടുണ്ടോ; | (എ) | വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ ഗുണനിലവാരം ഉയർത്താനുള്ള പീർ റിവ്യൂ സംവിധാനം, വ്യാപാരികൾക്ക് എതിരെ വകുപ്പ് പുറപ്പെടുവിക്കുന്ന ഓൺലൈൻ പിഴ ശിക്ഷകൾ യഥാസമയം അറിയിക്കാനുള്ള എസ്.എം.എസ് സംവിധാനം എന്നിവ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കൂടുതൽ സംഭരണശേഷിയുള്ള സെർവർ സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) | പുതിയ സെർവർ ഈ മാസം പ്രവർത്തനക്ഷമമാകും. |
| (സി) | സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | വാണിജ്യ നികുതി വകുപ്പിൽ സൈബർ ഫോറൻസിക് ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2016-17 ലെ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസിയായ സി-ഡാക്കിനെ ലാബ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനും ആയതിനുള്ള സാമ്പത്തിക ബാദ്ധ്യത അറിയിക്കുന്നതിലേക്കുമായി ചുമതല |

| | | | |
|---|---|---|---|
| | | | പ്പെടുത്തിയതിന്റെ വെളിച്ചത്തിൽ ടി. ഏജൻസി ഒരു പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർ ചർച്ചകളിൽ വകുപ്പിന് ഇപ്പോൾ അത്യാവശ്യമില്ലാത്ത മേഖലകളെ ഒഴിവാക്കിക്കൊണ്ട് ആദ്യഘട്ടത്തിലേക്കുള്ള പുതിയ പ്രപ്പോസൽ സമർപ്പിക്കുവാൻ സി-ഡാക്കിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

/sd/ Latheesh

**സെക്ഷൻ ഓഫീസർ**